# പതിമൂന്നാം കേരളനിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3926 — 15.12.2014 ന് മറുപടിയ്ക്ക്

## കാട്ടാനകളുടേയും വന്യമൃഗങ്ങളുടേയും ആക്രമണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസ് തെറ്റയിൽ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) അങ്കമാലി നിയോജക മണ്ഡലത്തിലെ മൂക്കന്നൂർ, അയ്യമ്പുഴ, മലയാറ്റൂർ പഞ്ചായത്തുകളിൽ കാട്ടാനകളുടേയും വന്യമൃഗങ്ങളുടേയും ആക്രമണം മൂലം ജനങ്ങളുടെ ജീവനും സ്വത്തിനും നേരിടുന്ന ഭീഷണി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) പ്രസ്തുത വിഷയം സംബന്ധിച്ച് എം.എൽ.എ-യും പഞ്ചായത്ത് പ്രസിഡന്റും നൽകിയ നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ? | (ബി) എം.എൽ.എ-യും പഞ്ചായത്ത് പ്രസിഡന്റും നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>1. വെള്ളപ്പാറ മുതൽ അയ്യമ്പുഴ വരെ 3 കിലോമീറ്റർ ദൂരം സൗരോർജ്ജവേലി സ്ഥാപിച്ചു.<br>2. തകരാറിലായിരുന്ന സൗരോർജ്ജ വേലികളുടെ അറ്റകുറ്റപ്പണികൾ വി.എസ്.എസിന്റെ സഹായത്തോടെ നടത്തി പ്രവർത്തനക്ഷമമാക്കി.<br>3. പ്രശ്നബാധിത പ്രദേശങ്ങളിൽ പട്രോളിംഗ് ശക്തിപ്പെടുത്തി.<br>4. വന്യജീവികൾക്ക് ജലലഭ്യത ഉറപ്പു വരുത്തുന്നതിനായി വനത്തിനുള്ളിൽ 2013-14 ൽ ഒരു കുളം നിർമ്മിക്കുകയും മറ്റൊന്നിന്റെ ചെളി നീക്കി ഉപയോഗയോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്.<br>5. കൃഷിയിടത്തിലിറങ്ങുന്ന കാട്ടാനകളെ വനത്തിനുള്ളിലേക്ക് തിരിച്ച് വിടുന്നതിന് സ്ഥലവാസികളായ വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്.<br>6. വന്യമൃഗങ്ങളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിന് കർഷക ബോധവല്ക്കരണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ